©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 മാർച്ച് 30<br>30th March 2021<br>1196 മീനം 16<br>16th Meenam 1196<br>1943 ചൈത്രം 9<br>9th Chaithra 1943 | നമ്പർ<br>No. 13 |

## PART III

# Dairy Development Department

**ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീമതി ജിജ സി. കൃഷ്ണൻ)

നമ്പർ സി-690/2018. 2021 ഫെബ്രുവരി 15.

വിഷയം:—ക്ഷീര വികസന വകുപ്പ്—കാസർഗോഡ്—കടംബാർ—മൂഡംബയൽ ക്ഷീരോല്പാദക സഹകരണ സംഘം കെ.ജി.49(ഡി) ആപ്കോസ്—സംഘം സമാപ്തീകരണം—കേരള സഹകരണ സംഘം നിയമം വകുപ്പ് 71(2) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

പരാമർശം:—(1) ഈ ഓഫീസിലെ 9-4-2019-ലെ ഇതേ നമ്പർ ഉത്തരവ്.

(2) മഞ്ചേശ്വരം ക്ഷീരവികസന ഓഫീസറുടെ 66 വകുപ്പ് പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് പരിധിയിൽ വർഷങ്ങളായി പ്രവർത്തന രഹിതമായി കിടന്ന കടംബാർ മൂഡംബയൽ ക്ഷീരസംഘം തുറന്നു പ്രവർത്തിക്കാനുള്ള സാദ്ധ്യത അന്വേഷിക്കുന്നതിനായി സൂചന (1) പ്രകാരം മഞ്ചേശ്വരം ക്ഷീരവികസന ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും, സൂചന (2) പ്രകാരം ടിയാൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ട് പ്രകാരം സംഘം പുനരുദ്ധരിക്കാൻ സാദ്ധ്യത ഇല്ല എന്നും ലിക്വിഡേറ്റ് ചെയ്യാവുന്നതാണെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ കടംബാർ മൂഡംബയൽ ക്ഷീരോല്പാദക സഹകരണ സംഘം കെ. ജി. 49 (ഡി) ആപ്കോസിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(2) പ്രകാരം മഞ്ചേശ്വരം ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏറ്റെടുത്ത തീയതി മുതൽ 3വർഷത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതും ഓരോ മാസത്തിലും ലിക്വിഡേഷൻ നടപടികൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ എത്രയും വേഗം ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, കാസറഗോഡ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

## REGISTRATION CERTIFICATE

No. C/1399/2020. *17th February 2021.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the byelaws of the undermentioned society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

ക്ഷീര സഹകരണ സംഘത്തിന്റെ പേര്—ബെള്ളൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം, ക്ലിപ്തം നമ്പർ കെ. ജി. 130 (ഡി) ആപ്കോസ് .

രജിസ്റ്റർ ചെയ്ത തീയതി—17-2-2021.

പോസ്റ്റാഫീസ്—കിന്നിംഗാർ.

താലൂക്ക്—കാസർഗോഡ്.

ജില്ല—കാസർഗോഡ്.

7. പ്രവർത്തന പരിധി—ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ 1, 13 വാർഡുകൾ.

അതിർത്തികൾ:

1, 13 വാർഡുകൾ-ബെള്ളൂർ ഗ്രാമപഞ്ചായത്ത്

തെക്ക്—മാട്ടിക്കേരി പിറവത്തോടി തോട് മതിമത്തുമാർ മുതൽ കനകത്തൊടി വരെ

വടക്ക്—കേരള ബണ്ടാജെ വനാതിർത്തി

കിഴക്ക്—നെട്ടണിഗെ ബജ റോഡ് നെട്ടണിഗെ മതിമതിമാർ ഫുട് പാത്ത്

പടിഞ്ഞാറ്—മതിക്ക കണക്കതൊടി റോഡ്, എൻമകജെ പഞ്ചായത്ത്

ബാദ്ധ്യത—ക്ലിപ്തം.

പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.

അംഗീകൃത ഓഹരി മൂലധനം—₹ 50,000 (അമ്പതിനായിരം രൂപ മാത്രം)

സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ ആകെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചാലുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കാസർഗോഡ്. ഡെപ്യൂട്ടി ഡയറക്ടർ.